File No.DMA2/820/2019-DMD

13445
21/8/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് 'പ്രത്യുത്ഥാനം' എന്ന പദ്ധതിയുടെ നടത്തിപ്പ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.21/2019/DMD തീയതി,തിരുവനന്തപുരം, 30/07/2019

പരാമർശം:- 1. സ.ഉ.(കൈ)നം.15/2019/ഡി.എം.ഡി., തീയതി 14.06.2017.
2. സ.ഉ.(പി)നം.24/2017/സാനീവ തീയതി 30.06.2017.
3.മെമ്പർ സെക്രട്ടറി , കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 1/7/19 ലെ DM/2601/18/SDMA നമ്പർ കത്ത്

<u>ഉത്തരവ്</u>

2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ഉൾപ്പെടെ കാൻസർ രോഗികൾ, കിടപ്പുരോഗികൾ, മാനസിക പരിമിതരുമായ ഭിന്നശേഷിക്കാർ, മൈനർ കുട്ടികൾ ഉള്ള വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് അധിക ധനസഹായം നൽകുവാൻ 'പ്രത്യുത്ഥാനം' എന്ന പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) പ്രത്യുത്ഥാനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14.06.2019-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ പ്രദേശത്തെ സാമൂഹിക സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം സാമൂഹിക നീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതായും നിലവിൽ സാമൂഹിക നീതി വകുപ്പിന് ജില്ലാതലത്തിൽ മാത്രമാണ് ഓഫീസ് നിലവിലുള്ളതെന്നും മുൻപ് ടി വകുപ്പിന് കീഴിലുണ്ടായിരുന്ന ഐ.സി.ഡി.എസ് ഓഫീസുകൾ പുതുതായി രൂപീകരിച്ചിട്ടുള്ള വനിതാ ശിശു വികസന ഓഫീസിന്റെ കീഴിലാണ് പ്രവർത്തിച്ച് വരുന്നതെന്നും ആയതിനാൽ ജില്ലാ സാമൂഹിക നീതി വകുപ്പിന് താഴെത്തട്ടിൽ പ്രവർത്തിക്കുന്നതിനോ വിവരങ്ങൾ ശേഖരിക്കുന്നതിനോ കഴിയുന്നില്ലായെന്നും മെമ്പർ സെക്രട്ടറി പരാമർശം (3 )പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ പ്രത്യുത്ഥാനം പദ്ധതിയുമായി ബന്ധപ്പെട്ട ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തി നിർവ്വഹിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

i. പൂരിപ്പിച്ച അപേക്ഷകൾ അംഗൻവാടി വഴി ശേഖരിക്കേണ്ടതും പ്രാഥമിക അന്വേഷണങ്ങൾക്ക് ശേഷം അംഗൻവാടിയിൽ ലഭിച്ച അപേക്ഷകൾ ഐ. സി. ഡി. എസ് സൂപ്പർവൈസർക്ക് ലിസ്റ്റ് അടക്കം സമർപ്പിക്കേണ്ടതാണ്.

ii. ഐ. സി. ഡി. എസ് സൂപ്പർവൈസർക്ക് ലഭിച്ച അപേക്ഷകൾ സി. ഡി. പി. ഓ-യ്ക്ക് കൈമാറേണ്ടതാണ്. തുടർന്നു ഈ അപേക്ഷകൾ ഗൂഗിൾ ഫോം വഴി ഡിജിറ്റൽ രൂപത്തിൽ ആക്കുകയും പ്രളയബാധിതരുടെ പട്ടികയുമായി ഒത്തു നോക്കേണ്ടതുമാണ്.

iii. സി.ഡി.പി.ഓ-മാർ ജില്ലാ സാമൂഹിക നീതി വകുപ്പിന് ഈ ലിസ്റ്റ് കൈമാറുകയും സാമൂഹിക നീതി വകുപ്പ് ഈ ലിസ്റ്റ് ക്രോഡീകരിച്ച് മുൻഗണനാ ക്രമത്തിലുള്ള ജില്ലയുടെ അന്തിമ ലിസ്റ്റ് ശിപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ശിപാർശ സഹിതം കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലേക്ക് അയക്കേണ്ടതുമാണ്.

iv. പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പഞ്ചായത്ത് തലത്തിൽ സി.ഡി.പി.ഓ-മാർക്കു/ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ അതാത് ഗുണഭോക്താവ് സമർപ്പിക്കേണ്ടതാണ്.

a. കാൻസർ രോഗികൾ- സർക്കാർ ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/ അംഗീകൃത ആരോഗ്യ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (2017 ആഗസ്റ്റ് മുതൽ 2018 ആഗസ്റ്റ് മാസത്തിനുള്ളിലുള്ള രേഖകൾ മാത്രം)

b. ഡയാലിസിസ് രോഗികൾ - സർക്കാർ ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/ അംഗീകൃത ആരോഗ്യ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (2017 ആഗസ്റ്റ് മുതൽ 2018 ആഗസ്റ്റ് മാസത്തിനുള്ളിലുള്ള രേഖകൾ മാത്രം).

c. മാനസികപരിമിതി ഉള്ള ഭിന്നശേഷിക്കാരാണെന്നു തെളിയിക്കുവാൻ നൽകേണ്ട ഭിന്നശേഷി സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിൽ നിന്നും ഇവർ കിടപ്പു രോഗിയാണെന്നുള്ള സർട്ടിഫിക്കറ്റ് അംഗീകൃത മെഡിക്കൽ ഡോക്ടറിൽ നിന്നും ലഭിക്കുന്നത് ആയിരിക്കണം.

d. വില്ലേജ് ഓഫീസർ നൽകുന്ന വിധവ പുനർവിവാഹിത ആയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ആയിരിക്കണം അപേക്ഷയുടെ കൂടെ നൽകേണ്ടത്.

ഇതുപോലെതന്നെ ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചുവടെ ചേർക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

1. ജൂലൈ 31 ആണ് അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതി.
2. ഓഗസ്റ്റ് 5 - ഐ. സി. ഡി. എസ് സൂപ്പർവൈസർ അംഗനവാടിയിൽ നിന്നും അപേക്ഷകളും ലിസ്റ്റും ഏറ്റുവാങ്ങേണ്ടതാണ്.
3. ഓഗസ്റ്റ് 9 - ക്രോഡീകരിച്ച അപേക്ഷകൾ സി.ഡി.പി.ഓ-മാർ ഐ. സി. ഡി. എസ് സൂപ്പർവൈസർമാരിൽ നിന്നും കൈപ്പറ്റേണ്ടതാണ്.
4. ഓഗസ്റ്റ് 12 -26 - ഗൂഗിൾ ഫോം ഡാറ്റാ എൻട്രി നടത്തണം.
5. ഓഗസ്റ്റ് 26 - ജില്ലാ സാമൂഹിക നീതി വകുപ്പിന് അപേക്ഷയും പട്ടികയും കൈമാറേണ്ടതാണ്.
6. ഓഗസ്റ്റ് 26 ന് - അന്തിമ മുൻഗണന ലിസ്റ്റ് തയ്യാറാക്കി ജില്ലാ സാമൂഹിക നീതി വകുപ്പിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്.

7. സെപ്തംബർ 2 – നള്ളിൽ ജില്ലാ ദുരന്ത നിവാരണ ആതോറിറ്റി കൂടി ലിസ്റ്റ് പരിശോധിച്ച് അംഗീകാരം നൽകി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതും തുടർന്നു ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി പദ്ധതിയുടെ തുക നേരിട്ട് വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ.എം.കെ**
**അഡീഷണല് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
സാമൂഹിക നീതി വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ഗ്രാമവികസന വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
വെബ് & ന്യൂമീഡിയ, ഐ.& പി.ആർ.ഡി.

പകർപ്പ് :-ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ